# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 26–ാം തീയതി വെള്ളിയാഴ്ച

(ആകെ ചോദ്യങ്ങൾ –23)

**(663) സഹകരണ ഇലക്ഷൻ കമ്മീഷൻ**

**(664) ഐ. ടി. 2002 സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ**

**(665) റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് അനുവദിച്ച വിഹിതം**

**(666) സമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി നടത്തിപ്പിനുവേണ്ടി കേന്ദ്രം അനുവദിച്ച തുക**

**(667) ജലഗതാഗത വകുപ്പിന്റെ സ്ളിപ്‌വേ**

**(668) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ**

**(669) സംസ്ഥാനത്ത് വ്യവസായസംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച ചർച്ചകൾ**

**(670) കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റുകളെയും ചീഫ് ഓഫീസുമായി കമ്പ്യൂട്ടർ മുഖേന ബന്ധിപ്പിക്കുന്നതിന് നടപടി**

**(671) വാഹനപുക മലിനീകരണം തടയാൻ നടപടി**

**(672) യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി ജില്ലാതലത്തിൽ ഉന്നതതല സമിതികൾ**

**(673) ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച പുതിയ നിയമ നിർമ്മാണം**

**(674) ഐ.ടി. 2002 പദ്ധതി**

**(675) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

**(676) തുകൽ സംസ്കരണ രംഗം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി**

**(677) പുതിയ തൊഴിൽ നയം**

**(678) ദ്രവ പ്രകൃതി വാതക ടെർമിനൽ**

**(679) പ്രാഥമിക വായ്പാ സംഘങ്ങളുടേയും ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളുടേയും നിക്ഷേപ/വായ്പാ നിരക്കുകൾ**

**(680) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് തുടർന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ**

**(681) റോഡ് സുരക്ഷിതത്വത്തെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിന് നടപടി**

**(682) വനിതാക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

**(683) സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിക്കാൻ നിർദ്ദേശം**

**(684) സഹകരണ ബാങ്കുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും അന്വേഷിക്കുന്നതിന് സംവിധാനം**

(685) **സാമൂഹ്യക്ഷേമ വകുപ്പിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും വരുത്താനുദ്ദേശിക്കുന്ന മാറ്റം**

## സഹകരണ ഇലക്ഷൻ കമ്മീഷൻ

663. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ഇലക്ഷൻ കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷന്റെ ഘടനയും പ്രവർത്തനങ്ങളും എന്തെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) 7–3–2001–ലെ ജി.ഒ(പി) നംപർ 51/2001/സഹ. നംപർ വിജ്ഞാപനപ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പു കമ്മീഷൻ നിലവിൽ വന്നിട്ടുണ്ട്. കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്.

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു എകാംഗ കമ്മീഷനാണ്. 1969 ലെ കേരള സഹകരണസംഘ നിയമത്തിലെ വകുപ്പ് 28 ബി (2) ൽ ഗവൺമെന്റ്

സെക്രട്ടറിയുടെ പദവിൽ കുറയാത്ത ഓഫീസറെ കമ്മീഷനായി 5 വർഷക്കാലത്ത് നിയമിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 6-4-2002 ലെ ജി.ഒ(പി)27/2002/സഹ നംപർ വിജ്ഞാപനപ്രകാരം സംസ്ഥാന ഗവൺമെന്റിലെ നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ജി. വി. സുബ്രഹ്മണ്യത്തിനെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വായ്പാ, അപ്പക്സ്, സെൻട്രൽ, ഫെഡറൽ സഹകരണ സംഘങ്ങളുടെ കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന്റെ മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമാണ്.

9-11-01-ലെ ജി.ഒ.(എം.എസ്)നംപർ 109/2001/ സഹ. ഉത്തരവു പ്രകാരം കമ്മീഷന്റെ സെക്രട്ടിയായി സഹകരണ വകുപ്പിലെ അഡീഷണൽ രജിസ്ട്രാറുടെ പദവിലുള്ള ഒരു തസ്തികയും, മറു അത്യാവശ്യ തസ്തികകളും, കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

## ഐ.ടി. 2002 സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ

664. ശ്രീ. ടി. പി.എം. സാഹിർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. 2002 സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന പ്രയോജനങ്ങൾ ഏതെല്ലാം മേഖലകളിൽ ആണെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് എത്രത്തോളം പ്രയോജനപ്പെടുമെന്ന് വിവരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) ഐ.ടി. 2002 സ്പെഷ്യൽ പാക്കേജ് നിലവില്ല. എന്നാൽ പുതിയ ഐ.റ്റി. നയത്തിന്റെ ഭാഗമായി സ്പെഷ്യൽ ഇൻസെന്റീവ് പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഈ വരുന്ന ആഗസ്റ്റ് മാസം 1 മുതൽ 4 വരെ തിരുവനന്തപുരം ടെക്നോപാർക്കിൽ വച്ച് ഐ.ടി. കേരള 2002 എന്ന Event നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര കൺവെൻഷൻ, ഐ.ടി. ഡിസിമിനേഷൻ പ്രോഗ്രാം, ഐ.ടിയുടെ ഉപയോഗത്തെപ്പറ്റി അവബോധം സൃഷ്ടിക്കൽ എന്നിവ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഈ മേള അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ ഐ.ടി. സാധ്യതകൾ അറിയിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. കേരളത്തിന്റെ ഐ.ടി. വ്യവസായ സാധ്യതകൾ ഇ-ഗവർണൻസ് രംഗത്തുള്ള പദ്ധതികൾ, സർക്കാർ നയങ്ങൾ, മനുഷ്യവിഭവശേഷിയുടെ ലഭ്യത എന്നിവ അന്താരാഷ്ട്ര വ്യവസായ സമൂഹത്തിന് വിശദീകരിക്കാനുതകുന്ന രീതിയിലാണ് ഐ.ടി. കേരള 2002 ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) ഐ.ടി. എനാബിൾസ് സർവ്വീസ് സോഫ്റ്റ്വെയർ, ഹാർഡ്വെയർ എന്നീ മേഖലകളിലാണ് ഇതുമൂലം പ്രയോജനം ഉണ്ടാകുന്നത്.

(സി) സർക്കാർ പ്രഖ്യാപിച്ച പുതിയ ഐ.ടി. ഇൻസെന്റീവ് പാക്കേജ്, കൂടുതൽ ഐ.ടി. കമ്പനികളെ കേരളത്തിൽ നിക്ഷേപം നടത്തുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.

## റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് അനുവദിച്ച വിഹിതം

665. ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് കണക്കാക്കപ്പെട്ട വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വിഹിതം മുൻ വർഷത്തിനേക്കാൾ വർദ്ധിക്കുകയുണ്ടായോ;

(സി) റെയിൽവേ വിഹിതം അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയാമോ;

(ഡി) സ്വീകരിക്കപ്പെട്ട മാനദണ്ഡങ്ങൾ കേരളത്തെ സംബന്ധിച്ച് പ്രതികൂലവും അശാസ്ത്രീയവുമാണെന്നറിയുന്നത് ശരിയാണോ;

(ഇ) റെയിൽവേ സുരക്ഷാ നിധിയിൽനിന്ന് കേരളത്തിന് കിട്ടുമെന്ന് കരുതുന്ന തുക എത്രയാണ്?

**<u>ഉത്തരം</u>**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) റെയിൽവേ മന്ത്രാലയം റെയിൽവേ വിഹിതം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നത് റെയിൽവേ സോണുകൾക്കാണ്. അല്ലാതെ സംസ്ഥാനങ്ങൾക്കല്ല. സതേൺ റെയിൽവേയുടെ വിവിധ പദ്ധതികൾക്കാവശ്യമുള്ള 2002-03 ലെ ബഡ്ജറ്റ് ഗ്രാന്റ് 1728.47 കോടി രൂപയാണ്.

(ബി) 2001-2002-ലെ സതേൺ റെയിൽവേയുടെ വിവിധ പദ്ധതികൾക്കാവശ്യമുള്ള ബഡ്ജറ്റ് ഗ്രാന്റ് 1470.82 കോടി രൂപയായിരുന്നു ഇതിൽ നിന്നുമാണ് കേരളത്തിന്റെ വിഹിതം അനുവദിച്ചത്

(സി) റെയിൽവേ വിഹിതം അനുവദിക്കുന്ന മാനദണ്ഡം സ്റ്റേറ്റുകൾക്കല്ല. മറിച്ച് റെയിൽവേ സോണുകൾക്കാണ്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഇ) റെയിൽവേ സുരക്ഷാ നിധിയിൽ നിന്നു ഫണ്ട് അനുവദിക്കുന്നത് റെയിൽവേ സോണുകൾക്കാണ്. 2002-2003-ലെ സതേൺ റെയിൽവേയ്ക്കുള്ള ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള റെയിൽവേ സുരക്ഷാ നിധി 180.57 കോടി രൂപയാണ്.

## <u>സമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി നടത്തിപ്പിനുവേണ്ടി കേന്ദ്രം അനുവദിച്ച തുക</u>

666. ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

ശ്രീ. ഡി. സുഗതൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി നടത്തിപ്പിനുവേണ്ടി 2001-2002-ൽ കേന്ദ്രം എന്തു തുക നൽകി;

(ബി) അതിൽ എന്തു തുക ചെലവഴിച്ചു;

(സി) പദ്ധതി പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുക ലാപ്സാകുന്ന പക്ഷം അടുത്ത വർഷത്തേക്ക് കേന്ദ്രം തുകയനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നു വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) 76,38,23,410 രൂപ

(ബി) ഈ തുകയിൽ 54,20,44,181 രൂപ ചെലവഴിച്ചു.

(സി) നടപ്പുവർഷത്തേക്ക് അനുവദിച്ച തുകയുടെ 80% ചെലവഴിച്ചതായി സാക്ഷ്യപ്പെടുത്തിയാൽ അടുത്ത വർഷത്തെ പദ്ധതി വിഹിതം കേന്ദ്രം അനുവദിക്കും.

## <u>ജലഗതാഗത വകുപ്പിന്റെ സ്ലിപ്‌വേ</u>

667. ശ്രീ. പി. ജെ. ജോയി :

ശ്രീ. എ. കെ. മണി :

ശ്രീ. എം. എ. ചന്ദ്രശേഖരൻ :

ശ്രീ. ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ സ്ളിപ്‌വേ എത്രകാലമായി പ്രവർത്തനരഹിതമായി കിടക്കുകയായിരുന്നു.;

(ബി) ഈ കാലത്ത് ബോട്ടുകൾ നന്നാക്കിയിരുന്നത് എപ്രകാരമാണ്;

(സി) ഈ ഗവൺമെന്റ് സ്ളിപ്‌വേ പ്രവർത്തനക്ഷമമാക്കിയോ;

(ഡി) എങ്കിൽ അവിടെ എത്ര ബോട്ടുകൾ നന്നാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) 10 വർഷമായി പ്രവർത്തനരഹിതമായി കിടക്കുകയാണ്.

(ബി) കോൺട്രാക്ട് വ്യവസ്ഥയിൽ തടിയുരുളുകൾ ഉപയോഗിച്ച് കൂലിക്കാരെക്കൊണ്ട് ബോട്ടുകൾ വലിച്ചു കയറ്റി പണികൾ ചെയ്യിക്കുകയായിരുന്നു.

(സി) പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ഡി) 35 ബോട്ടുകൾ

## <u>പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

668. ശ്രീ. എം. വി ഗോവിന്ദൻ മാസ്റ്റർ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. പി. സി. ജോർജ് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ഇപ്പോൾ നേരിടുന്ന കടുത്ത പ്രയാസങ്ങളും വെല്ലുവിളികളും സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒരേ സ്ഥലത്ത് ഒരേ കാര്യത്തിനുവേണ്ടി ഒന്നിലധികം സംഘങ്ങൾ ആരംഭിക്കുന്നത് സഹകരണ വായ്പാ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാതൊരു നിയന്ത്രണവുമില്ലാതെ ആർക്കും എവിടെയും തുടങ്ങാൻ കഴിയുമാറ് സ്വാശ്രയ സഹകരണ സംഘങ്ങൾ ഉണ്ടാകുന്നത് ശക്തമായ സഹകരണ പ്രസ്ഥാനമുള്ള കേരളത്തിൽ എന്ത് ഫലമാണുളവാക്കുക എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) പ്രാഥമിക വായ്പാ സംഘങ്ങൾ നേരിട്ടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനു വേണ്ടി കാലാകാലങ്ങളിൽ വിദഗ്ദ്ധ കമ്മിറ്റികളെ സർക്കാർ നിയമിക്കുകയും അവയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിച്ച് നടപ്പിൽ വരുത്തുന്നുണ്ട്. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി സാംപത്തിക പുരോഗതി അവലോകനം ചെയ്യാറുണ്ട്. വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി നിക്ഷേപ സമാഹരണ യജ്ഞം വർഷംതോറും നടത്തി വരുന്നുണ്ട്.

(സി) ഇല്ല. ഒരേ സ്ഥലത്ത് ഒരേ കാര്യത്തിന് വേണ്ടി ഒന്നിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നില്ല.

(ഡി) ഇന്നത്തെ സഹകരണ നിയമപ്രകാരം സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വ്യവസ്ഥയില്ല. പുതിയ നിയമ നിർമ്മാണം കൊണ്ടു വരാൻ തീരുമാനിച്ചിട്ടുണ്ട് സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുന്നതു കൊണ്ട് സഹകരണ പ്രസ്ഥാനത്തിന് നല്ല ഫലമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## <u>സംസ്ഥാനത്ത് വ്യവസായസംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച ചർച്ചകൾ</u>

669. ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :

ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജൂലായ് മാസത്തിലെ വകുപ്പുമന്ത്രിയുടെ അമേരിക്കൻ സന്ദർശനവേളയിൽ സംസ്ഥാനത്ത് വ്യവസായസംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ പ്രധാന വ്യവസായികളായ ആരെല്ലാമായിട്ടാണ് ചർച്ചകൾ നടത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെങ്കിലും വ്യവസായമേഖലയിൽ സംസ്ഥാനത്ത് പണം മുടക്കുവാൻ ഇൻഡ്യൻവംശജരായ അമേരിക്കക്കാരോ വിദേശികളോ താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ഏതുതരം വ്യവസായസംരംഭം തുടങ്ങുവാനാണ് താൽപ്പര്യം പ്രകടിപ്പിച്ചതെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. പി. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) നടത്തുകയുണ്ടായി

(ബി) ഹ്യൂലെറ്റ് പയാർഡ്, ഐ.ബി.എം. റോൾസ് റോയ്സ്, അജിലന്റ് ടെക്നോളജീസ്, ബ്രിട്ടിഷ് ടെലികോം, കോഗ്നിസാന്റ് ടെക്നോളജീസ്, സുപ്രീം ഹെൽത്ത് കെയർ, ആംവേ കോർപ്പറേഷൻ, യു.എസ്. ഇൻഡ്യാ ബിസിനസ് കൗൺസിൽ, ഗ്ളോബൽ ഹോട്ടൽ നെറ്റ്വർക്ക് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായിട്ടാണ് പ്രധാന ചർച്ചകൾ നടത്തിയത്.

(സി) താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) ടൂറിസം, എ.റ്റി., ഭക്ഷ്യ സംസ്കരണം, ടെക്സ്റ്റയിൽസ്, സർവ്വീസ് മേഖല എന്നിവയിലാണ് താൽപ്പര്യം പ്രകടിപ്പിച്ചത്. മധ്യ തിരുവിതാം കൂറിൽ വൃദ്ധർക്കായുള്ള ഒരു പൈതൃക ഗ്രാമം സ്ഥാപിക്കുന്നതിനായി സുപ്രീം ഹെൽത്ത് കെയർ എന്ന സ്ഥാപനവും ഒരു ടൂറിസ്റ്റ് റിസോർട്ട് സ്ഥാപിക്കുന്നതിനായി ഗ്ളോബൽ ഹോട്ടൽ നെറ്റ് വർക്ക് എന്ന സ്ഥാപനവും കെ. എസ്. ഐ.ഡി.സി. യുമായി ധാരണാ പത്രം ഒപ്പിട്ടു. കൂടാതെ ചിക്കാഗോയിലെ ഡക്കാൻ സിസ്റ്റംസ് ആന്റ് സർവ്വീസസ് കൊച്ചിയിൽ ഒരു വിനോദ കേന്ദ്രം സ്ഥാപിക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റുകളെയും ചീഫ് ഓഫീസുമായി കമ്പ്യൂട്ടർ മുഖേന ബന്ധിപ്പിക്കുന്നതിന് നടപടി

670. ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. ബി. വിജയകുമാർ :

പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ എല്ലാ യൂണിറ്റുകളെയും ചീഫ് ഓഫീസുമായി കംപ്യൂട്ടർ മുഖേന ബന്ധിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ;

(ബി) ഇതിന് ആകെ എത്ര കംപ്യൂട്ടർ വേണ്ടിവരും; എത്ര യൂണിറ്റുകൾ ഇതിനകം കംപ്യൂട്ടർവൽക്കരിച്ചു;

(സി) കെ.എസ്.ആർ.ടി.സി. യിൽ റിസർവേഷൻ കംപ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഇതിനകം എവിടെയെല്ലാം കംപ്യൂട്ടറൈസ്ഡ് റിസർവേഷൻ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) എല്ലാ യൂണിറ്റുകളും ചീഫ് ഓഫീസുമായി കംപ്യൂട്ടർ മുഖേന ബന്ധിപ്പിച്ചു കഴിഞ്ഞു.

(ബ) 83 യൂണിറ്റുകളും 5 വർക്ക് ഷാപ്പുകളും ഉൾപ്പെടെ ആകെ 88 എണ്ണം. 88 സ്ഥലത്തും ഓരോ കംപ്യൂട്ടർ സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

(സി) ഉണ്ട്. ഏഴു സ്ഥലത്ത് റിസർവേഷൻ കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, ബാംഗ്ളൂർ.

## വാഹനപുക മലിനീകരണം തടയാൻ നടപടി

671. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) വാഹന പുക മലിനീകരണം തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിബന്ധനകൾക്ക് വിധേയമായി പൊല്യൂഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾ ഇപ്രകാരം സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ കാലാകാലങ്ങളിൽ മെയിന്റനൻസ് സർവ്വീസ് നടത്താതെ നിരത്തിലോടുന്ന സർക്കാർ വാഹനങ്ങളെ കർശന പുരപരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പു മന്ത്രി):-**

(എ) വാഹനം നിർമ്മിക്കുംപോൾ നിശ്ചിത അളവിൽ കൂടുതൽ മലിനീകരണമുണ്ടാകാത്ത വിധത്തിൽ നിർമ്മിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്ത് ഒരു വർഷം കഴിഞ്ഞ 70 സി.സിയിൽ കൂടുതലുള്ള എല്ലാ വാഹനങ്ങളും പുകമലിനീകരണം നിശ്ചിത പരിധിക്കുള്ളിൽ ആയിരിക്കത്തവിധം പരിപാലിക്കപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വാഹന പുകപരിശോധിച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്ന 205 അംഗീകൃത പുക പരിശോധനാകേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. അനുവദനീയമായ അളവിൽ കൂടുതൽ പുക വാഹനത്തിൽ നിന്നും പുറംതള്ളുന്നുണ്ടോയെന്ന് പരിശോധിക്കുവാനായി എല്ലാ ആർ.റ്റി.ഒ. ആഫീസുകളിലും സ്മോക്ക് മീറ്ററുകളും ഗ്യാസ് അനലൈസറുകളും നൽകിയിട്ടുണ്ട്.

(ബി) യും (സി)യും

സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്കും പൊല്യൂഷൻ നിയന്ത്രണ സർട്ടിഫിക്കറ്റ് ബാധകമാണ്. ഇത്തരം സർട്ടിഫിക്കറ്റുകൾ വാങ്ങിയിരിക്കണം എന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഒരു സർട്ടിഫിക്കറ്റിന്റെ കാലാവധി ആറു മാസമാണ്. വാഹന പരിശോധനയ്ക്ക് വിധേയമാക്കുംപോൾ ഇതു പരിശോധിക്കുകയാണ് പതിവ്. ഇത്തരത്തിൽ പൊല്യൂഷൻ നിയന്ത്രണ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള സർക്കാർ വാഹനങ്ഹളുടെ കണക്ക് ശേഖരിക്കുന്നത് പ്രായോഗികമല്ല.

(ഡി) കേന്ദ്ര മോട്ടോർ വാഹന ചട്ടപ്രകാരം നടപടി സ്വീകരിക്കാവുന്നതേയുള്ളു.

## യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി ജില്ലാതലത്തിൽ ഉന്നതതല സമിതികൾ

672. ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. കെ.സി. വേണുഗോപാൽ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. എൻ.ഡി. അപ്പച്ചൻ:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ തലത്തൽ ഉന്നതതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതികളുടെ ഘടനെയെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സമിതികളുടെ കർത്തവ്യങ്ങളെ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ തലത്തിൽ ഉന്നതതല സമിതികൾ രൂപീകരിച്ചിട്ടില്ല. എന്നാൽ തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി (കെസ്റു-99) എന്ന പദ്ധതി നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ തല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതിക്കായി കെസ്റു-99-ന്റെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സമിതിയുടെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും എംപ്ലൊയ്മെന്റ് ഓഫീസർ (സെൽഫ് എംപ്ലോയ്മെന്റ്) അല്ലെങ്കിൽ എംപ്ലോയ്മെന്റ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ഒരു ഓഫീസർ മെംപർ സെക്രട്ടറിയും, വ്യവസായ വകുപ്പ്, റവന്യൂ വകുപ്പ്,കൃഷി വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് (അതാത് പഞ്ചായത്തുകൾ നാമനിർദ്ദേശം ചെയ്തവർ) എന്നിവയുടെ ഓരോ പ്രതിനിധികൾ സമിതിയുടെ മെംപർമാരും ആണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ, അപേക്ഷകൻ അനുയോജ്യനാണോ എന്നും സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പാക്കുവാൻ സാദ്ധ്യമായതാണോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ജില്ലാതല കമ്മിറ്റി പരിശോധിക്കുകയും, പ്രോജക്ട് അംഗീകരിച്ചതിനുശേഷം കമ്മിറ്റിതന്നെ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. (ആവശ്യമെങ്കിൽ പ്രോജക്ടിൽ മാറ്റം വരുത്തുന്നതുമാണ്) കെസ്റു-99 പദ്ധതി സംബന്ധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കമ്മിറ്റിയ്ക്ക് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്.

**ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച പുതിയ നിയമ നിർമ്മാണം**

673. ശ്രീ. കെ.കെ. ജയചന്ദ്രൻ:

ശ്രീ. വി.കെ. ചന്ദ്രൻ:

ശ്രീ. മത്തായി ചാക്കോ:

ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ ഒരു യോഗം 2002 മേയ് 2ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായോ;

(ബി)പ്രസ്തുത യോഗത്തിൽ ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച പുതിയ നിയമ നിർമ്മാണകാര്യം ചർച്ച ചെയ്യുകയുണ്ടായോ;

(സി) യോഗത്തിൽ ഏതെല്ലാം സംഘടനകളെ പ്രതിനിധീകരിച്ച് ആരെല്ലാം പങ്കെടുക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിർദ്ദിഷ്ട നിയമം കൊണ്ടുവന്നതിന് അനുകൂലമായി ആരെങ്കിലും യോഗത്തിൽ സംസാരിക്കുകയുണ്ടായോ;

(ഇ) യോഗത്തിൽ ചുമട്ടുതൊഴിലാളി നിയമ നിർമ്മാണം സംബന്ധിച്ച് പൊതുവായി ഉയർന്നുവന്ന അഭിപ്രായം എന്തായിരുന്നു;

(എഫ്) ചുമട്ടുതൊഴിലാളി രംഗത്തെ ട്രേഡ് യൂണിയൻ സംഘടനാ പ്രതിനിധികളുടെ അഭിപ്രായങ്ങൾ അവഗണിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) ചേരുകയുണ്ടായി.

(ബി) പുതിയ കരട് തൊഴിൽ നയത്തിൽ പറയുന്ന കാര്യങ്ങളും ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച പുതിയ നിയമ നിർമ്മാണങ്ങളും പ്രസ്തുത യോഗത്തിൽ പരാമർശിക്കുകയുണ്ടായി.

(സി) യോഗത്തിൽ പങ്കെടുത്ത ട്രേഡ് യൂണിയൻ നേതാക്കളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) അനുകൂലമായും പ്രതികൂലമായും അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടു.

(ഇ) കയറ്റിറക്ക് മേഖലയിൽ നിലനിൽക്കുന്നതായി ആരോപിക്കപ്പെടുന്ന അനാരോഗ്യകരമായ പ്രവണതകൾ തടയുന്നതിന് നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാൽ മതിയെന്ന് പല ട്രേഡ് യൂണിയനുകളും അഭിപ്രായപ്പെട്ടു.

(എഫ്) വിവിധ സംഘടനകളുടെ അഭിപ്രായങ്ങൾ പരിഗണിച്ചശേഷം കരട് നിയമത്തിന് രൂപം നൽകിയിട്ടുള്ളത്.

**ഐ.ടി. 2002 പദ്ധതി**

674. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഐ.ടി. 2002 വഴി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കയാണ് ;

(ബി) ഇതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് സംസ്ഥാനത്ത് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി( വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ)ഐ.ടി. 2002 എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ ഐ.ടി. കേരള 2002 എന്ന പേരിൽ ഒരു Event ഈ ആഗസ്റ്റ് ആദ്യവാരത്തിൽ ടെക്നോപാർക്കിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര കൺവെൻഷൻ, ഐ.ടി. ഡിസിമിനേഷൻ പ്രോഗ്രാം, ഐ.ടി. ഉപയോഗം സംബന്ധിച്ച അവബോധം സൃഷ്ടിക്കൽ എന്നിവ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഐ.ടി. അധിഷ്ഠിത സേവനമേഖല, സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നീ രംഗങ്ങളിൽ ഇതുമൂലം പ്രയോജനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേള അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ ഐ.ടി സാധ്യതകൾ അറിയിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

675. ശ്രീ. ബി. വിജയകുമാർ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. തമ്പാനൂർ രവി:
ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(സി) പ്രധാന രാഷ്ട്രങ്ങളിൽ ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യതകൾ, തൊഴിൽ ലഭിക്കുന്നതിനുവേണ്ട വിദ്യാഭ്യാസ യോഗ്യതകൾ മുതലായ കാര്യങ്ങളെപ്പറ്റി വിശദവിവരങ്ങൾ നൽകുവാനുള്ള ഏർപ്പാടുകൾ ചെയ്യുന്ന ഒരു ഏജൻസിയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പരിണമിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർ വൽക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭമായി തിരുവനന്തപുരത്തെ പ്രൊഫഷണൽ ആന്റ് എക്സ്ക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഭാഗികമായി കമ്പ്യൂട്ടർവൽക്കരിച്ചു. മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടംഘട്ടമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് നടപടി എടുത്തു വരുന്നു. കേരളത്തിലെ മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടം ഘട്ടമായി ക്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി)യും (ഡി)യും

കേരളത്തിലെ 5 യൂണിവേഴ്സിറ്റികളിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയമെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളിൽ ഇപ്പോൾതന്നെ ഇതിനുള്ള സൗകര്യങ്ങളുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രാധാന രാഷ്ട്രങ്ങളിലുള്ള പഠന സൗകര്യങ്ങളും മറ്റും അറിയിക്കാൻ ആധുനിക സംവിധാനങ്ങൾ തന്നെ സ്ഥാപിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളിൽ ഇന്റർനെറ്റിന്റെ സഹായത്തോടെ പ്രധാന രാഷ്ട്രങ്ങളിൽ ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യതകൾ, തൊഴിൽ ലഭിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസയോഗ്യതകൾ മുതലായ കാര്യങ്ങൾ നൽകുവാനുള്ള ഏർപ്പാടുകൾ, എംപ്ലോയ്മെന്റ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറൈസ് ചെയ്യുന്നതോടുകൂടി സാധ്യമാകുന്നതാണ്.

## തുകൽ സംസ്കരണ രംഗം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി

676. ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് തുകൽ സംസ്കരണ രംഗം നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) 1998-ൽടാക്സ് 4% ആയി വദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പല ടാനറികളുടെയും പ്രവർത്തനം നിലച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന തോലിന്റെ എത്ര ശതമാനമാണ് സംസ്ക്കരിക്കപ്പെടുന്നത്;

(ഡി) ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഈ വ്യവസായത്തിനുള്ള ടാക്സ് 1998ന് മുൻപുള്ളതുപോലെ 2% ആക്കി കുറച്ച് ഈ വ്യവസായം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. സംസ്ഥാനത്ത് മുമ്പ് ഉണ്ടായിരുന്ന പല ടാനറികളും പ്രവർത്തിക്കുന്നില്ല. 1998-ൽ ടാക്സ് 47 ശതമാനമായി വർദ്ധിപ്പിച്ചതാണ് പ്രധാന കാരണം.

(ബി) ഉണ്ട്.

(സി) ഇതിനെക്കുറിച്ച് ആധികാരികമായ വിവരം ലഭ്യമല്ല.

(ഡി)യും (ഇ)യും

ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ തൊഴിൽ നയം

677. ശ്രീ. പി.പി. ജോർജ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. വി.ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപട നൽകുമോ;

(എ) പുതിയ തൊഴിൽനയം നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടതായി വരും എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ തൊഴിൽ നയത്തിന്റെ വെളിച്ചത്തിലും ആധുനിക പ്രവണതകളുടെ അടിസ്ഥാനത്തിലും തൊഴിൽ സുരക്ഷിതത്വ നിയമങ്ങളിൽ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) തൊഴിൽ രംഗത്തെ സാഹചര്യങ്ങൾ ഇന്നത്തേതിൽനിന്നും വ്യത്യസ്തമായിരുന്ന കാലത്ത് നിർമ്മിച്ച തൊഴിൽ നിയമങ്ങളിൽ പലതും കാലാനുസൃതമായി ഭേദഗതി ചെയ്യുന്നകാര്യം പരിശോധിക്കാൻ ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സമിതിയുടെ വിശദമായ പരിശോധനയ്ക്ക്ശേഷം മാത്രമേ ഏതെല്ലാം നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടിവരുമെന്ന് വ്യക്തമാവുകയുള്ളു.

(ബി) തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ നിലവിലുള്ള നിയമം നടപ്പാക്കാൻ സംവിധാനം ശക്തിപ്പെടുത്തുക, തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് സുരക്ഷിതത്വവും മാന്യമായ തൊഴിൽ സാഹചര്യവും സൃഷ്ടിക്കുക, ജില്ലാ തലങ്ങളിൽ എൻഫോഴ്സ്മെന്റ് കമ്മിററികൾ രൂപീകരിക്കുക, കുടിയേറ്റ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുക എന്നിവ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായിട്ടുള്ള ലക്ഷ്യങ്ങളാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷിതത്വ നിയമങ്ങളായ ഇ.എസ്.ഐ. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ക്ഷേമ പദ്ധതികൾ എന്നിവ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്. ആയതിനാൽ നിയമങ്ങളിൽ സമൂലമായ മാറ്റം വരുത്തേണ്ടതില്ല.

## ദ്രവ പ്രകൃതി വാതക ടെർമിനൽ

678. ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ദ്രവ പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പെട്രോളിയം മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായ പെട്രോനെറ്റ് ഇപ്പോൾ എൽ.ജി. പദ്ധതിയുമായി മുന്നോട്ട് പോകുന്നുണ്ടോ;

(സി) ഈ പദ്ധതിയുടെ ഭാവിയിൽ എന്തെങ്കിലും ആശങ്കയുള്ളതായി കരുതുന്നുണ്ടോ;

(ഡി) പ്രകൃതി വാതകത്തിന്റെ സാദ്ധ്യതകൾ മുതലെടുക്കാനുള്ള എന്ത് ശ്രമമാണ് സംസ്ഥാനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ദ്രവ പ്രകൃതി വാതക ടെർമിനൽ നിർമ്മാണത്തിനാവശ്യമായ അനുമതികളിൽ കേന്ദ്രവനം പരിസ്ഥിതി വനം മന്ത്രാലയത്തിന്റെതൊഴികെയുള്ളവയെല്ലാം ലഭിച്ചു കഴിഞ്ഞു. ഈ അനുമതിക്കുവേണ്ടിയുള്ള ശ്രമം തുടർന്നുവരുന്നു. ടെർമിനലിന്റെ നിർമ്മാണത്തിനായി പെട്രോനെറ്റ്, എൽ.എൻ.ജി കമ്പനി അന്താരാഷ്ട്ര പരസ്യങ്ങളിലൂടെയും മറ്റും ഈ പി.സി. കോണ്ട്രാക്ടൻമാരുടെ പ്രീക്വാളിഫിക്കേഷൻ നടത്തുകയും അപേക്ഷകരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുമുണ്ടായി. പദ്ധതിക്കുവേണ്ട പണം കണ്ടെത്തിയാലുടൻ നിർമ്മാണ ജോലി ആരംഭിക്കുന്നതിനായി കോൺട്രാക്ടറെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുന്നതാണ് ഇതിലേക്കായി ദ്രവ പ്രകൃതി വാതകത്തിന്റെ പ്രമുഖ ഉപഭോക്തമാക്കളായ ഫാക്ട്, എൻ.ടി.പി.സി. സ്വതന്ത്ര വൈദ്യുതി ഉത്പാദകർ തുടങ്ങിയവരുമായി വ്യാപാര ഉടമ്പടിയിൽ ഏർപ്പെടുത്തേണ്ടതുണ്ട്.

(ബി) പെട്രോനെറ്റ് കമ്പനിക്ക് നിർദ്ദേശിക്കപ്പെട്ട ടെർമിനൽ സ്ഥാപിക്കുന്ന കാര്യത്തിൽ താൽപര്യമുണ്ട്.

(സി) ഇല്ല.

(ഡി) എൽ.എൻ.ജി ടെർമിനൽ സ്ഥാപിക്കുകയും വാതക പൈപ്പ്ലൈൻ ഇടുകയും ചെയ്യുന്നതോടെ നാഫ്ത അടിസ്ഥാനമാക്കി ഇപ്പോൾ പ്രവർത്തിക്കുന്ന ബി.എസ്.ഇ.എസ്. വൈദ്യുത പദ്ധതി എൻ.ടി.പി.സി കായംകുളം എന്നിവ വാതകാടിസ്ഥാനമാക്കി മാറ്റി കൂടുതൽ ലാഭകരമാക്കുവാൻ സാധിക്കും. കൂടാതെ സംസ്ഥാനത്തിനാവശ്യമായ തോതിൽ കൂടുതൽ വൈദ്യുതി ഉൽപ്പാദനത്തിനുതകുംവിധം അനേകം സ്വതന്ത്ര വൈദ്യുതി ഉൽപാദനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ കഴിയും. ഇപ്പോൾ നാഫ്ത ഉപയോഗിച്ച് വളം ഉണ്ടാക്കുന്ന ഫാക്ടിന് കൂടുതൽ ലാഭകരവും വാതകമുപയോഗക്കുന്നതാണ്. പ്രസ്തുത ടെർമിനൽ സ്ഥാപിക്കുന്നതോടെ കൊച്ചി നഗരത്തിൽ ഒരു വാതക വിതരണ പദ്ധതി നടപ്പാക്കാവുന്നതാണ്.

## പ്രാഥമിക വായ്പാ സംഘങ്ങളുടേയും ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളുടേയും നിക്ഷേപ/വായ്പാ നിരക്കുകള്‍

679. ശ്രീ. ടി.കെ. ദേവകുമാര്‍ :
ശ്രീ. ടി.പി. രാമകൃഷ്ണന്‍ :
ശ്രീ. പി ജയരാജന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സംഘങ്ങളുടേയും ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളുടേയും നിക്ഷേപ/വായ്പാ നിരക്കുകള്‍ നിശ്ചയിക്കുന്നത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിക്ഷേപത്തിന്റെയും വായ്പയുടേയും നിരക്കു നിശ്ചയിക്കുന്നതില്‍ നിലവിലുള്ള ത്രിതല സംവിധാനങ്ങളിലെ ആര്‍ക്കെങ്കിലും എന്തെങ്കിലും പങ്ക് ഉണ്ടോ ;

(സി) എങ്കില്‍ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) സര്‍ക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇതര സ്ഥാപനങ്ങള്‍ നല്‍കുന്ന പലിശ നിരക്കിനേക്കാള്‍ കുറഞ്ഞ നിരക്കിലാണ് സഹകരണസംഘങ്ങള്‍ ഇപ്പോള്‍ നിക്ഷേപങ്ങള്‍ സ്വീകരിക്കുന്നതെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഇ) പലിശനിരക്ക് കുറഞ്ഞതിനാല്‍ സഹകരണസംഘങ്ങളില്‍ നിന്നും ഡെപ്പോസിറ്റുകള്‍ വ്യാപകമായി പിന്‍വലിക്കപ്പെടുന്ന കാര്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എപ്പോഴെങ്കിലും സെന്‍ട്രല്‍ ബാങ്ക് കോണ്‍ഫറന്‍സ് വിളിച്ചുചേര്‍ത്ത് പലിശനിരക്കിനെക്കുറിച്ച് ചര്‍ച്ച ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവന്‍ (സഹകരണവകുപ്പുമന്ത്രി):-**

(എ) റിസര്‍വ്വ്ബാങ്ക്, ബാങ്ക് റേറ്റില്‍ മാറ്റം വരുത്തുമ്പോള്‍ വാണിജ്യബാങ്കുകളുടെ പലിശനിരക്കുകളിലും കാര്യമായ മാറ്റം സംഭവിക്കുന്നു. ആയതുകൊണ്ട് സഹകരണമേഖലയിലും അതിനനുസൃതമായ പലിശ പുനര്‍നിര്‍ണ്ണയം വേണ്ടിവരുന്നു. ഇത് കാലാകാലങ്ങളില്‍ പലിശ പുനര്‍നിര്‍ണ്ണയം നടത്തുവാന്‍ നിയുക്തമായിട്ടുള്ള ഉന്നതതല കമ്മിറ്റിയോഗം ചേര്‍ന്ന് അവരുടെ നിര്‍ദ്ദേശം സെന്‍ട്രല്‍ ബാങ്ക് കോണ്‍ഫറന്‍സിന്റെ പരിഗണനയ്ക്കു കൂടി വച്ച ശേഷം നടപ്പില്‍ വരുത്തുകയാണ് ചെയ്യുന്നത്. ഇപ്രകാരമാണ് സംസ്ഥാനത്തെ പ്രാഥമിക വായ്പാ സംഘങ്ങളുടേയും ജില്ലാ സംസ്ഥാന ബാങ്കുകളുടേയും നിക്ഷേപ/വായ്പാ പലിശ നിരക്കുകള്‍ ന്ശ്ചയിക്കുന്നത്.

(ബി) ഉണ്ട്.

(സി) നിക്ഷേപത്തിന്റയും, വായ്പയുടേയും നിരക്കു നിശ്ചയിക്കുന്നതിനായി, നിയോഗിക്കപ്പെട്ട ഉപസമിതിയില്‍ സംസ്ഥാന സഹകരണ ബാങ്കിലെയും പ്രതിനിധികള്‍ പങ്കാളികളാണ്.

(ഡി) സഹകരണസംഘങ്ങള്‍ സ്വീകരിക്കുന്ന നിക്ഷേപങ്ങള്‍ക്ക് പലിശ നല്‍കുന്നത് സംസ്ഥാനത്തെ സെന്‍ട്രല്‍ ബാങ്ക് കോണ്‍ഫറന്‍സ് ചുമതലപ്പെടുത്തുന്ന സബ്കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിലാണ്. റിസര്‍വ്വ് ബാങ്ക് ഓഫ് ഇന്‍ഡ്യ നിശ്ചയിക്കുന്ന നിരക്കിന് അനുസൃതമായാണ് ടി സബ്കമ്മിറ്റി പലിശ നിശ്ചയിക്കുന്നത് ഇപ്രകാരം നിക്ഷേപങ്ങള്‍ക്ക് നിശ്ചയിച്ചിട്ടുള്ള പലിശനിരക്ക് നാഷണലൈസ് ചെയ്ത ബാങ്കുകളുടെ നിരക്കിനേക്കാള്‍ ഒരു ശതമാനം കൂടുതലാണ്.

(ഇ) ഇല്ല.

(എഫ്) 24-10-01-ലും 15-7.02-ലും സെന്‍ട്രല്‍ ബാങ്ക് കോണ്‍ഫറന്‍സ് വിളിച്ചുചേര്‍ത്തിട്ടുണ്ട്. 15-7-2002-ന് കൂടിയ സമ്മേളനത്തില്‍ ചര്‍ച്ച ചെയ്ത് നിലവിലുള്ള നിരക്കില്‍ നിന്നും 1/2% വായ്പ പലിശ കുറയ്ക്കുകയുണ്ടായി.

## കേരള ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് തുടര്‍ന്നു പ്രവര്‍ത്തിപ്പിക്കുന്നതിനാവശ്യമായ നടപടികള്‍

680. ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന പേരിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥാപനം ആരംഭിക്കുന്നതിന് നെയ്യാറ്റിൻകരയിൽ 70 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എന്തൊക്കെ കോഴ്സുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം തുടർന്നു നടത്താതിരിക്കുവാനുണ്ടായ സാഹചര്യം എന്താണെന്നും ഈ സ്ഥാപനം തുടർന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോയെന്നും വ്യക്തമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി. രാഘവൻ (സഹകരണവകുപ്പുമന്ത്രി):-**

(എ) ഇല്ല. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് നെയ്യാറ്റിൻകര താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ 12 ഏക്കർ സ്ഥലം സർക്കാരിൽ നിന്നും പതിച്ചുനൽകിയിട്ടുണ്ട്.

(ബി) എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## <u>റോഡ് സുരക്ഷിതത്വത്തെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിന് നടപടി</u>

681. ശ്രീ. എ.പി. അനിൽകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷിതത്വത്തെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ വിഷയം പാഠപുസ്തകങ്ങളിൽ ചേർത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ നഗരങ്ങളിലും ഹയർഗ്രേഡ് പഞ്ചായത്തുകളിലും ട്രാഫിക് പാർക്കുകൾ നിർമ്മിക്കുവാൻ നിർദ്ദേശം നൽകുമോ ;

(ഇ) പ്രൈമറി വിദ്യാർത്ഥികളെ ട്രാഫിക് പാർക്കുകളിൽ പഠനപര്യടനത്തിനു കൊണ്ടുപോകുന്നതിന് ശുപാർശ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗതവകുപ്പുമന്ത്രി):-**

(എ) റോഡ് സുരക്ഷിതത്വത്തെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് ട്രാഫിക് ചട്ടങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് വിദ്യാഭ്യാസവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വർഷം തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ട്രാഫിക് സേഫ്റ്റി ക്ളബ്ബുകൾ തുടങ്ങുന്നതിന് പദ്ധതി ഇട്ടിട്ടുണ്ട്. റോഡ്സുരക്ഷാ മാസാചരണ കാലത്ത് വിദ്യാലയങ്ങളിൽ ക്ളാസ്സുകൾ സംഘടിപ്പിക്കുകയും എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് എന്നീ പ്രസ്ഥാനങ്ങളുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. കൂടാതെ വിദ്യാഭ്യാസവകുപ്പ് ''ബാല്യകാല സുരക്ഷക്ക് ഒരു വഴികാട്ടി'' എന്ന പുസ്തകം പ്രസിദ്ധീകരിച്ച് സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് കൊടുക്കുവാൻ വിദ്യാഭ്യാസവകുപ്പിലെ ഓഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി &സി): എസ്.സി.ഇ.ആർ.ടി. പാഠ്യ പദ്ധതി പരിഷ്ക്കരിക്കുംപോൾ ''റോഡ് സുരക്ഷ'' എന്ന വിഷയം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) ഇപ്പോൾ ഇക്കര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## വനിതാക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പദ്ധതികൾ

682. ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താംപദ്ധതിയിൽ സ്ത്രീകളുടെ ഉന്നമനത്തിനും വനിതാ ജനപ്രതിനിധികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സ്ത്രീകൾക്ക് വികസനരംഗത്ത് അർഹമായ പരിഗണന ലഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ത്രീ വികസന പദ്ധതികൾ പുനരാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വനിതാക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ അവലോകന പരിപാടിയിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തെയും തൊഴിലിനെയും ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വരുമാന സ്രോതസ്സ് ഉണ്ടാക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) പത്താം പദ്ധതിയിൽ സ്ത്രീകളുടെ ഉന്നമനത്തിനും വനിതാജനപ്രതിനിധികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 6-6-2002-ലെ ജി.ഒ.(എം.എസ്) 20/2002/പ്ളാനിംഗ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 10-ാം പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ കാതലായ ആറ് ലക്ഷ്യങ്ങളിൽ ഒരെണ്ണം സ്ത്രീ പുരുഷ അസാമാനത കുറയ്ക്കുകയും മെച്ചപ്പെട്ട സാമൂഹ്യനീതി കൈവരിക്കുകയുമാണ്. ഇതിൻപ്രകാരം ആകെ പദ്ധതിവിഹിതത്തിന്റെ 10% വനിതാഘടക പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2001-02 പദ്ധതിയുടെ വനിതാ ഘടക പദ്ധതിയിൽ കുറവുണ്ടായെങ്കിൽ അവയിൽ 2002-2003 പദ്ധതിയിൽ ഈ 10% മേൽ പരിഹാരത്തുക വകയിരുത്തുവാനും വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ വനിതാഘടക പദ്ധതിയുടെ തുക ഈ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി മാത്രം വിനിയോഗിക്കുവാൻ നിർദ്ദേശമുണ്ട്. ഇതിലേക്ക് അംഗൻവാടിയിലെ പോഷകാഹാര വിതരണത്തിലേക്കാവശ്യമായ പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും വക മാറ്റിയിട്ട് ബാക്കി വിഹിതത്തിന് മേഖലാ വിഭജനം നടത്തിയാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

വനിതാ ജനപ്രതിനിധികളുടെ പ്രാതിനിധ്യം പദ്ധതിരൂപീകരണം മുതൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ വനിതകളുടേയും ശിശുക്കളുടേയും വികസന വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർ പേഴ്സൺ ഒരു വനിതാ ജനപ്രതിനിധി ആയിരിക്കും. കൂടാതെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും കുറഞ്ഞത് രണ്ടു വനിതകൾ ഉൾപ്പെട്ടിരിക്കും. ഗ്രാമസഭ വാർഡ്സഭയ്ക്ക് ഒരു വനിതയും ഒരു പുരുഷനും എന്ന നിലയിൽ രണ്ട് ഫെസിലിറ്റേറ്റർമാരെ ഉദ്ദേശിക്കുന്നുണ്ട്. കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി വനിതാഗ്രൂപ്പുകളും ഗവൺമെന്റ് ഇതര സംഘടനകളും പദ്ധതി രൂപീകരിക്കുന്നതിൽ സജീവമാക്കുന്നതാണ്. വിശദമായ സ്ത്രീ പദവി പഠനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇത് കൂടാതെ പത്താം പദ്ധതിയിൽ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി നിരവധി പദ്ധതികൾക്ക് വനിതാവികസന കോർപ്പറേഷനും രൂപം നൽകിയിട്ടുണ്ട്.

(ബി) സ്ത്രീകൾക്ക് വികസനരംഗത്ത് പ്രത്യേക പരിഗണന ലഭിക്കത്തക്ക വിധത്തിലാണ് 10-ാം പദ്ധതി വിഭാവനം ചെയ്യുന്നത്. സ്ത്രീകളുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിച്ച് എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും കഴിയുന്നത്ര കുടുംബശ്രീ മാതൃകയിൽ നടത്താനാണുദ്ദേശിച്ചിരിക്കുന്നത്. വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ആസ്തികൾ പ്രദാനം ചെയ്യുക, വനിതകളുടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളുടെ ത്രിഫ്റ്റുമായി ബന്ധപ്പെട്ട റിവോൾവിംഗ് ഫണ്ടിന് സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇതുകൂടാതെ സ്ത്രീകൾക്ക് ആധുനിക സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള വനിതാ വികസന കോർപ്പറേഷൻ തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്. വിവിധ വിഷയങ്ങളിൽ വനിതകളെ ബോധവൽക്കരിക്കുന്നതിന് വേണ്ട പരിപാടികളും കോർപ്പറേഷൻ നടപ്പിലാക്കുന്നുണ്ട്.

(സി) സ്ത്രീവികസന പദ്ധതികളുടെ പുനരാവിഷ്ക്കരണം, വനിതാഘടക പദ്ധതി, ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി, സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം വിശിഷ്യാ കുടുംബശ്രീ മോഡൽ സംസ്ഥാനത്ത് മൊത്തം വ്യാപിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കിയിട്ടുണ്ട്.

(ഡി) ഓരോ നാലുമാസം കൂടുംപോഴും പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ്ഗ്രൂപ്പുകളാണ്. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള അവലോകന പരിപാടിയിൽ മാറ്റം വരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഇ) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പദ്ധതികൾ തദ്ദേശസ്ഥാപനങ്ങളിലൂടെ സംയോജിപ്പിക്കുവാൻ 10-ാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്യുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അവയുടെ വിഭവം നൽകി ഇത്തരം പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത വനിതാ വികസന പദ്ധതി സംസ്ഥാനത്ത് 18 ബ്ളോക്കുകളിലായി ആരംഭിച്ചുകഴിഞ്ഞു. സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ വനിതകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് പരിശീലനം നൽകി സാമ്പത്തിക സാമൂഹിക വികസനത്തിനാവശ്യമായ പദ്ധതികൾ സ്വയം ഏറ്റെടുക്കുവാൻ ഇവരെ പ്രാപ്തരാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

ഈ പദ്ധതികളുടെ മുഖ്യ ഉദ്ദേശം കേന്ദ്ര-സംസ്ഥാന സ്കീമുകളുടെ കൺവേർജൻസ് ആണ്. ഈ പദ്ധതി നടപ്പിലാക്കി വരുന്ന ബ്ളോക്കുകൾ പാറശ്ശാല, പെരുങ്കടവിള, ശാസ്താംകോട്ട, ഇത്തിക്കര, അഞ്ചാലുംമൂട്, കഞ്ഞിക്കുഴി, പട്ടണക്കാട്, അട്ടപ്പാടി, മണ്ണാർകാട്, കോഴിക്കോട്(അർബൻ)2, കൊടുവള്ളി, മേലടി, ബാലുശ്ശേരി, ദേവികുളം, സുൽത്താൻബത്തേരി, മാനന്തവാടി, കൽപ്പറ്റ, നീലേശ്വരം എന്നിവയാണ്.

ഇതുകൂടാതെ വനിതാവികസന കോർപ്പറേഷൻ സ്വയംതൊഴിൽ പദ്ധതിയനുസരിച്ച് വനിതകൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് താഴെപ്പറയുന്ന 4 കേന്ദ്രസർക്കാർ കോർപ്പറേഷൻ വഴി ധനസഹായം ലഭ്യമാക്കുന്നുണ്ട്.

1. ദേശീയന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ
2. ദേശീയ പിന്നോക്ക സമുദായ ധനകാര്യ വികസന കോർപ്പറേഷൻ
3. ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ വികസന ധനകാര്യ കോർപ്പറേഷൻ
4. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ.

## സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിക്കാൻ നിർദ്ദേശം

683. ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പിരപ്പൻകോടു മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാനസ്വഭാവമുള്ളവയെ സംയോജിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളെയാണ് സംയോജിപ്പിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(സി) സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ പഠനറിപ്പോർട്ടിലെ ശുപാർശകൾ വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ)(ബി)(സി)(ഡി)&(ഇ): സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും പുന:സംഘടനയും മറ്റും സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ഒരു സമീപനരേഖ സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും വിശദമായ പഠനം നടന്നുവരുന്നു.

## സഹകരണ ബാങ്കുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും അന്വേഷിക്കുന്നതിന് സംവിധാനം

684. ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടും അഴിമതിയും അന്വേഷിക്കുന്നതിന് ഫലപ്രദമായ എന്ത് സംവിധാനമാണ് ഉള്ളത് ;

(ബി) നിലവിലുള്ള വകുപ്പുതല ഓഡിറ്റിംഗും അന്വേഷണവും ഫലപ്രദമല്ലായെന്ന് ബോദ്ധ്യമുണ്ടോ ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗിൽ കണ്ടെത്തിയിട്ടുള്ള 'ഓഡിറ്റ് ന്യൂനതകൾ ' പരിഹരിക്കുന്നതിനും ശക്തമായ തുടർനടപടി സ്വീകരിക്കുന്നതിനും ഉദ്യോഗസ്ഥർ താത്പര്യം കാണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ക്രമക്കേടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കാത്ത സഹകരണ ഓഡിറ്റ്/ഇൻസ്പെക്ഷൻ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവകുപ്പുമന്ത്രി):-**

(എ) 1969-ലെ കേരളസഹകരണനിയമം 63,64 വകുപ്പുകൾ പ്രകാരവും ചട്ടം-64 പ്രകാരവും സഹകരണസ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തി സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും കണ്ടുപിടിക്കാൻ നിലവിൽ സംവിധാനമുണ്ട്. കൂടാതെ, സഹകരണ നിയമം 65, 66, 68 എന്നീ വകുപ്പുകൾ പ്രകാരവും ചട്ടം 66 പ്രകാരവും സംസ്ഥാനത്തുള്ള സഹകരണബാങ്കുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടും അഴിമതിയും അന്വേഷിക്കുന്നതിന് ഫലപ്രദമായ സംവിധാനമാണ് നിലവിലുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) വ്യക്തമായ തെളിവുകൾ ഉള്ളപക്ഷം തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

## സാമൂഹ്യക്ഷേമ വകുപ്പിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും വരുത്താനുദ്ദേശിക്കുന്ന മാറ്റം

685. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) അധികാരവികേന്ദ്രീകരണത്തിന്റെ പരിധിയിൽ സാമൂഹ്യക്ഷേമവകുപ്പും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാമൂഹ്യക്ഷേമവകുപ്പിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തണമോ എന്ന കാര്യം ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ട്, പ്ളാനിംഗ് ബോർഡ് ശുപാർശ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് അചിരേണ തീരുമാനിക്കുന്നതാണ്.

(ബി) ഇപ്പോഴത്തെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരേയും പ്രോഗ്രാം ഓഫീസർമാരേയും ജില്ലാ പഞ്ചായത്തിലേക്കും ശിശുവികസന പദ്ധതി ഓഫീസർമാരെ ബ്ളോക്ക് പഞ്ചായത്തിലേക്കും ഐ.സി.ഡി.എസ് സൂപ്പർവൈസർമാരെ ഗ്രാമപഞ്ചായത്തുകളിലേക്കും മാറ്റേണ്ടതായിവരും. അംഗൻവാടികളുടെ പ്രവർത്തനവും പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലാണ് നടത്തുന്നത്. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമരംഗത്ത് ഭക്ഷണവിതരണവും അംഗൻവാടി കെട്ടിടനിർമ്മാണവും ഇപ്പോൾ ഗ്രാമപഞ്ചായത്ത് മുഖേനയാണ് നടത്തുന്നത്. ഇക്കാര്യത്തിലുള്ള എ.ആർ.സി. റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

****